"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായവകുപ്പ് - വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനം - വിജ്ഞാപനത്തിൽ ഉൾപ്പെടുത്തേണ്ട പൊതു വ്യവസ്ഥകൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.53/2024/ID തീയതി,തിരുവനന്തപുരം, 22-10-2024

---

പരാമർശം:- 1. 04.11.2019 ലെ സ.ഉ (എം.എസ്) നം.27/2019/പ്ലാനിംഗ്

2. 2023 ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റ്) ബോർഡ് ചട്ടങ്ങൾ

**<u>ഉത്തരവ്</u>**

വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന വ്യവസ്ഥകൾ ഉടൻ പ്രാബല്യത്തിൽ പുറപ്പെടുവിക്കുന്നു.

1. മാനേജിംഗ് ഡയറക്ടർമാരുടെ നിയമന കാലാവധി 5 വർഷം അല്ലെങ്കിൽ 65 വയസ്സ് ഏതാണോ ആദ്യം അതുവരെ ആയിരിക്കും.
2. 65 വയസ് പൂർത്തിയാകാത്തവരുടെ കാര്യത്തിൽ കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ performance വിലയിരുത്തിക്കൊണ്ട് 5 വർഷത്തിന് ശേഷം കാലാവധി ദീർഘിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.
3. നിയമനത്തിന്റെ ആദ്യത്തെ ഒരു വർഷം പ്രൊബേഷൻ കാലയളവ് ആയിരിക്കും. പ്രൊബേഷൻ കാലയളവിൽ സ്ഥാപനമേധാവി എന്ന നിലയിലുള്ള പെർഫോമൻസ് തൃപ്തികരമല്ലെങ്കിൽ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതല്ല.
4. മാനേജിംഗ് ഡയറക്ടർ തസ്തികയിലേക്കുള്ള നിയമനത്തിന് ഡപ്യൂട്ടേഷൻ അനുവദനീയമല്ല.
5. മാനേജിംഗ് ഡയറക്ടർ തസ്തികയുടെ ശമ്പളം സംബന്ധിച്ച വിശദാംശങ്ങൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രകാരം വിജ്ഞാപനത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.
6. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള യോഗ്യരായ ജീവനക്കാർ മാനേജിംഗ് ഡയറക്ടർ സ്ഥാനത്തേയ്ക്ക് നിയമനത്തിനായി അപേക്ഷിക്കുമ്പോൾ അവർ സേവനമനുഷ്ഠിക്കുന്ന സ്ഥാപനത്തിലെ മേധാവിയിൽ നിന്നുള്ള നിരാക്ഷേപ പത്രം (NOC) കൂടി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. അതോടൊപ്പം ഏതെങ്കിലും തരത്തിലുള്ള ആഭ്യന്തര / വിജിലൻസ് അന്വേഷണം, ക്രിമിനൽ കേസ് എന്നിവ നേരിടുന്നവരാണെങ്കിൽ അത് സംബന്ധിച്ച നിലവിലെ സ്ഥിതി ഉൾപ്പെടെ യുള്ള വിശദാംശങ്ങൾ

ഉൾപ്പെടുത്തിക്കൊണ്ടുള്ള ജീവനക്കാരുടെ സത്യവാങ്മൂലവും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

മേൽ വ്യവസ്ഥകൾ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനത്തിനുള്ള പരസ്യ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റ്) ബോർഡ് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Shylesh P V
Date: 22-10-2024 19:08:17
സെക്ഷൻ ഓഫീസർ

സെക്രട്ടറി, കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റ്) ബോർഡ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ചെയർമാൻ, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ, തിരുവനന്തപുരം
വ്യവസായ വകുപ്പിലെ എല്ലാ പൊതുമേഖലാ സ്ഥാപന മേധാവികൾക്കും
ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി.ഇ) വകുപ്പ്

പകർപ്പ് : - ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എക്ക്
ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയുടെ സി.എ യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി